ദേശാഭിമാനി

29 June 2023

# പാർലമെന്റ് സമിതി സിഎംഎഫ്ആർഐ സന്ദർശിച്ചു

കൊച്ചി

കൃഷി, മൃഗസംരക്ഷണ, ഭക്ഷ്യസംസ്കരണ പാർലമെന്റ് സ്ഥിരംസമിതി അംഗങ്ങൾ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സന്ദർശിച്ചു. കർണാടകത്തിലെ ബാഗൽകോട്ടിൽനിന്നുള്ള ലോക്സഭാംഗം പി സി ഗദ്ദിഗൗഡർ അധ്യക്ഷനായ സമിതി സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനുമായും വകുപ്പ് മേധാവികളുമായും ചർച്ച നടത്തി.

സിഎംഎഫ്ആർഐയുടെ വിവിധ ഗവേഷണപ്രവർത്തനങ്ങൾ സമിതിക്കുമുമ്പിൽ അവതരിപ്പിച്ചു. സമുദ്രമത്സ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കൂടുമീൻ കൃഷി, കടൽപ്പായൽ കൃഷി, സമുദ്ര ജൈവവൈവിധ്യം, ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പാദനം, സാമൂഹിക സാമ്പത്തികസ്ഥിതി തുടങ്ങിയവ സമിതി വിലയിരുത്തി.

അധ്യക്ഷനുപുറമെ, ഡോ. അനിൽ സുഖ്ദിയോറാവു ബോണ്ടെ, മസ്താൻ റാവു ബിഡ, രാംനാഥ് താക്കൂർ, ദേവേന്ദ്രസിങ്, റാമിലാബെൻ ബെച്ചാർഭായി ബാര എന്നി എംപിമാരാണ് സംഘത്തിലുണ്ടായിരുന്നത്.